**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 431** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>നിലമ്പൂരിൽ വ്യാവസായിക പാർക്ക് - പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** വനത്തിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ശേഖരിച്ച് കൊണ്ടുവരുന്ന കാട്ടുതേൻ, കുന്തിരിക്കം, ചൂരൽ ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ആയതിന്റെ ആഗോള വിപണത്തിനുമായി നിലമ്പൂരിൽ പ്രവർത്തനരഹിതമായി കിടക്കുന്ന കേരള വുഡ് ഇൻഡസ്ട്രീസിന്റെ കെട്ടിടവും സ്ഥലവും പ്രയോജനപ്പെടുത്തി ഒരു വ്യാവസായിക പാർക്ക് ആരംഭിക്കുന്നത് പരിഗണിക്കാമോ;

**<u>മറുപടി:</u>** വുഡ് ഇൻഡസ്ട്രീസിന്റെ സ്ഥലവും കെട്ടിടവും വനം വകുപ്പ് തിരികെ ഏറ്റെടുക്കുകയും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്. നിലവിൽ ഇത് വ്യവസായ വകുപ്പിന്റെ ചുമതലയിലല്ല.

**(ബി)** വനത്തിനുള്ളിലായി പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള വാണിയമ്പുഴ, പുഞ്ചക്കൊല്ലി, പാലക്കയം എന്നീ തോട്ടങ്ങളിൽ വരുന്ന നിയമന ഒഴിവുകളിലേക്ക് ആയതിന്റെ സമീപപ്രദേശത്തെ 10 ഉന്നതികളിൽ വസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നുള്ളവരെ പരിഗണിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ?

**<u>മറുപടി:</u>** പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള നിലമ്പൂർ എസ്റ്റേറ്റിലെ വാണിയമ്പുഴ, പുഞ്ചക്കൊല്ലി , പാലക്കയം എന്നീ തോട്ടങ്ങളിൽ നിലവിൽ 171 തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. ഇവരിൽ 157 തൊഴിലാളികളും സമീപ ഉന്നതികളിൽ നിന്നും വരുന്ന പട്ടികവർഗ്ഗ കുടുംബത്തിൽപ്പെടുന്നവരാണ്. കൂടാതെ നിലമ്പൂർ എസ്റ്റേറ്റിലെ സ്ഥിരം ജീവനക്കാരായ 10 പേരിൽ 2 പേർ പട്ടിക വർഗ്ഗ കുടുംബങ്ങളിൽ നിന്നുള്ളവരാണ് .

**സെക്ഷൻ ഓഫീസർ**